## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2909.** **18.06.2019 ൽ മറുപടിക്ക്**

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈപ്പിനിലെ പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;<br><br>(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | (എ) & (ബി) കോൺവെന്റ് ബീച്ച് പാലത്തിന്റെ ഫൗണ്ടേഷൻ പൈലുകളുടെ നിർമ്മാണം നടന്നു വരുന്നു. കെ.എസ്.ഇ.ബി പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തി നടക്കുന്നുണ്ട്. നബാർഡ് പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾക്കൊള്ളിക്കാൻ കഴിയുകയില്ല. കാരണം നബാർഡിൽ നിന്നും ഭൂമി ഏറ്റെടുക്കാനുള്ള തുക അനുവദിക്കുകയില്ല. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. കെ.എസ്.ഇ.ബി വലിയ കാലതാമസം വരുത്തുന്നു. ഇതിൽ പാലം പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണെങ്കിലും സ്ഥലമെടുപ്പിന് പ്രാദേശിക പിന്തുണ ഉണ്ടാവണം. |

**സെക്ഷൻ ഓഫീസർ**